പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 140.

28.11.2018 ൽ മറുപടിക്ക്

## പിങ്ക് പോലീസ് സേന നൽകുന്ന കൗൺസിലിംഗ്

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ.എം. കെ. മുനീർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കേരളത്തിൽ സ്ത്രീകളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്നതിനായി രൂപീകരിച്ച പിങ്ക് പോലീസ് സേന ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര വിദ്യാർത്ഥിനികൾക്ക്/സ്ത്രീകൾക്ക് കൗൺസിലിംഗ് ലഭ്യമാക്കിയിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിങ്ക് പോലീസ് സേന 680 ഓളം വിദ്യാർത്ഥിനികൾക്ക്/സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം വിഷയങ്ങളിലാണ് കൗൺസിലിംഗ് ലഭ്യമാക്കിയിട്ടുള്ളത്; | (ബി) | കുടുംബ പ്രശ്നങ്ങളിലും, മൊബൈൽ ഫോൺ ദുരുപയോഗം, പ്രേമനൈരാശ്യം, ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങൾ, കൗമാര പ്രശ്നങ്ങൾ, പഠനം, ലൈംഗിക പീഡനത്തിന് ഇരയാകുന്ന കുട്ടികൾ, മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികൾ എന്നീ വിഷയങ്ങൾ സംബന്ധിച്ചാണ് കൗൺസിലിംഗ് നൽകിയിട്ടുള്ളത്. |
| (സി) ആരൊക്കെയാണ് കൗൺസിലിംഗ് നൽകിയിട്ടുള്ളത്; കൗൺസിലിംഗ് വിദഗ്ധരെ ഗവൺമെന്റ് നിയോഗിച്ചിട്ടുണ്ടോ എന്ന വിവരം നൽകുമോ; | (സി) | വനിതാ സെൽ കൗൺസിലർമാർ, ജനറൽ ആശുപത്രിയിലെ കൗമാര കൗൺസിലിംഗ് സെന്ററിലെ കൗൺസിലർമാർ, ചൈൽഡ് ലൈൻ കൗൺസിലർമാർ, സാമൂഹിക നീതി വകുപ്പ് മുഖാന്തിരം നിയോഗിക്കപ്പെട്ട കൗൺസിലർമാർ തുടങ്ങിയ അതാത് ജില്ലകളിലെ വിദഗ്ധരാണ് കൗൺസിലിംഗ് നൽകിയിട്ടുള്ളത്. കൗൺസിലിംഗ് വിദഗ്ധരെ സർക്കാർ നിയോഗിച്ചിട്ടില്ല. കൗൺസിലിംഗ് നടത്തുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകുന്നുണ്ട്. |
| (ഡി) കൗൺസിലിംഗ് ആവശ്യമുള്ളവരെ എങ്ങനെയാണ് പിങ്ക് പോലീസ് സേന കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | കൗൺസിലിംഗ് ആവശ്യപ്പെട്ടുകൊണ്ടുള്ള ഫോൺ കോളുകളിൽ നിന്നും പിങ്ക് കൺട്രോൾ റൂമിൽ ഫോൺ വഴി ലഭിക്കുന്ന മറ്റ് പരാതികളിൽ നിന്നും കൗൺസിലിംഗ് ആവശ്യമായി വരുന്നവർക്ക് ആയത് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ